## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3154 | 19/06/2018-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ വീടുകൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തിയാക്കാൻ അവശേഷിച്ചിട്ടുള്ളത് എത്ര വീടുകളാണെന്നും ഇതിനോടകം എത്ര വീടിന്റെ നിർമ്മാണം പൂർത്തിയാക്കിയെന്നും വെളിപ്പെടുത്തുമോ; | (എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് പണി പൂർത്തീകരിക്കാനുണ്ടായിരുന്ന 56041 വീടുകളിൽ 40549 വീടുകൾ പൂർത്തീകരിച്ചു. 15492 വീടുകളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. |
| (ബി) | പുതിയതായി വീടുകൾ നിർമ്മിക്കാൻ എത്ര വീടുകൾക്ക് ഒന്നാം ഗഡു അനുവദിച്ചുവെന്നും പുതിയ വീടിന്റെ പട്ടിക ഏതെല്ലാം ജില്ലകളിൽ അംഗീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) | നഗരപ്രദേശങ്ങളിൽ ഭൂമിയുള്ള ഭവന രഹിതരുടെ 28063 വീടുകൾക്കും ഗ്രാമപ്രദേശങ്ങളിൽ 3191 വീടുകൾക്കുമാണ് ആദ്യ ഗഡു തുക നല്കിയിട്ടുള്ളത്. എല്ലാ ജില്ലകളിലും പുതിയ വീടുകളുടെ പട്ടിക അന്തിമമാക്കിയിട്ടുണ്ട്. |
| (സി) | പി.എം.എ.വൈ.പദ്ധതിയിൽ അനുവദിച്ച വീടുകളും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചുമതലയിൽ ഉള്ള വീടുകളും ലൈഫ് മിഷന്റെ ഭാഗമായി മാറ്റിയിട്ടുണ്ടോയെന്നും 2017-18 സാമ്പത്തിക വർഷം ഈ വിഭാഗത്തിൽ എത്ര വീടുകൾ നിർമ്മിച്ചുവെന്നും വെളിപ്പെടുത്തുമോ? | (സി) | PMAY(R), SC/ST വകുപ്പിന്റെ ചുമതലയിലുള്ള വീടുകൾ 2017-18 വർഷം ലൈഫ് മിഷന്റെ ഭാഗമാക്കിയിരുന്നില്ല. എന്നാൽ 2018 ഏപ്രിൽ 1 മുതൽ എല്ലാ വകുപ്പുകളുടെ ചുമതലയിലുള്ള വീടുകളും ലൈഫ് മിഷന്റെ ഭാഗമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.